# വയോജന കൂട്ടായ്മ

## ....................ഗ്രാമപഞ്ചായത്ത്

# ബൈലോ

**പേര്:**

**പഞ്ചായത്ത്: ............................................ ഗ്രാമപഞ്ചായത്ത്**

**പ്രവർത്തന പ്രദേശം:...................................ഗ്രാമപഞ്ചായത്ത് പ്രദേശം**

**അംഗങ്ങൾ:- .............................ഗ്രാമപഞ്ചായത്തിലെ 59 വയസ്സ് പൂർത്തിയായ എല്ലാവരും**

# വയോജന കൂട്ടായ്മ

**.......................................ഗ്രാമപഞ്ചാത്ത് ബൈലോ**

പേര്:

പഞ്ചായത്ത്: ............................................ ഗ്രാമപഞ്ചായത്ത്

പ്രവർത്തന ഏര്യ:........................................ ഗ്രാമപഞ്ചായത്ത് ഏര്യ

അംഗങ്ങൾ:- ..............................ഗ്രാമപഞ്ചായത്തിലെ 59 വയസ്സ് പൂർത്തി യായ എല്ലാവരും

## I. ഉദ്ദ്യേശ്യ ലക്ഷ്യങ്ങൾ

1. വയോജനങ്ങളിൽ കൂട്ടായ്മയും, സൗഹൃദവും, പരസ്പര വിശ്വാസവും വളർത്തുക.
2. അവരുടെ കഴിവുകൾ, അനുഭവ ജ്ഞാനം നാടിന്റെ വികസനത്തിനും, വരുംത ലമുറയുടെ വളർച്ചക്കുമായി വിനിയോഗിക്കുക.
3. പരസ്പര സഹായവും, സംരക്ഷണവും, ഉറപ്പ് വരുത്താൻ വേണ്ട സംവിധാന മൊരുക്കുക
4. വയോജനങ്ങളുമായി ബന്ധപ്പെട്ട ആസൂത്രണത്തിനും നിർവ്വഹണത്തിനും വേണ്ട നേതൃത്വ സംവിധാനമാക്കി മാറ്റുക.
5. വയോജനങ്ങളുമായി ബന്ധപ്പെട്ട സംവിധാനങ്ങളുടെ നടത്തിപ്പ് ഏറ്റെടുക്കുക.
6. വിവിധ കലാഗ്രൂപ്പിന് രൂപം നൽകുകയും വയോജനങ്ങളുടെ കലാവാസനയും സർഗ്ഗശേഷിയും പ്രയോജനപ്പെടുത്തുകയും ചെയ്യുക.
7. വിനോദ പ്രവർത്തനങ്ങൾ സംഘടിപ്പിക്കുക
8. ചെറുതൊഴിലും, വരുമാനവും ഉറപ്പ് വരുത്തുക.
9. തർക്ക പരിഹാര സംവിധാനങ്ങൾക്ക് രൂപം നൽകുക.
10. ഒറ്റപ്പെടൽ ഒഴിവാക്കുക
11. ആരോഗ്യ പരിരക്ഷ ഉറപ്പ് വരുത്തുക
12. നിശ്ചിത ഇടവേളയിൽ കൂട്ടിച്ചേരലുകൾ ഉറപ്പ് വരുത്തുക
13. വയോജന സൗഹൃദ കുടുംബം, സമൂഹം, സ്ഥാപനങ്ങൾ, പഞ്ചായത്ത് എന്നിവ ഉറപ്പ് വരുത്തുക.
14. വയോജന സൗഹൃദ ആഡിറ്റും, മോണിറ്ററിങ്ങും നടത്തുക.
15. ഗുരുതര ആരോഗ്യ പ്രശ്നങ്ങൾ അനുഭവിക്കുന്നവരെ സഹായിക്കാൻ ഉത കുന്ന തരത്തിൽ വിഭവ സമാഹരണം ഉറപ്പ് വരുത്തുക.
16. കൗൺസിലിങ്ങിന് വേണ്ട സംവിധാനമൊരുക്കുക.
17. കുട്ടികളിലും യുവജനങ്ങളിലും വയോജനങ്ങളിലും വയോജനസൗഹൃദ മനോഭാവം വളർത്തുക.
18. വയോജനങ്ങളെ - അവകാശങ്ങളെ കുറിച്ചും വയോജനങ്ങളുമായി ബന്ധ പ്പെട്ട നിയമങ്ങളെ കുറിച്ചും ബോധവത്കരിക്കുക.

## II. സംഘടനാ സംവിധാനം

പഞ്ചായത്തിലെ എല്ലാ വയോജനങ്ങളേയും ചേർത്ത് ചെറുകൂട്ടായ്മ മുതൽ പഞ്ചായത്ത് തലം വരെയുള്ള സംഘടനാ സംവിധാനത്തിനാണ് രൂപം നൽകുന്നത്.

### II.1 വയോജന കൂട്ടായ്മ

ഗ്രാമപഞ്ചായത്തിലെ ഓരോ വാർഡിലും ഭൂമിശാസ്ത്രപരമായി അടുത്തടുത്തുള്ള ശരാശരി 50 വീടുകളെ ചേർത്താണ് വയോജന കൂട്ടായ്മക്ക് രൂപം നൽകേണ്ടത്. ആ വീടുകളിലെ എല്ലാ വയോജനങ്ങളും(കിടപ്പിലുള്ളവരടക്കം) അംഗങ്ങളായതാണ് വയോജന അയൽകൂട്ടം.

#### II.1.1 ഘടന

വയോജന കൂട്ടായ്മയിലെ എല്ലാ വയോജനങ്ങളും ചേർന്ന് ചുവടെ കൊടുത്തിട്ടുള്ള ഭാരവാഹികളെ തെരഞ്ഞെടുക്കണം.

പ്രസിഡന്റ്, വൈസ് പ്രസിഡന്റ്, സെക്രട്ടറി, ജോ.സെക്രട്ടറി, ട്രഷറർ, രണ്ട് കമ്മറ്റി അംഗങ്ങൾ എന്നിങ്ങനെ ഏഴ് പേരടങ്ങുന്ന കമ്മറ്റിക്കാണ് രൂപം നൽകേണ്ടത്. ഇതിൽ മൂന്ന് പേരെങ്കിലും വനിതകൾ ആയിരിക്കണം. ഇവരെ കൂടാതെ വാർഡ് ജനറൽ ബോഡിയിൽ പങ്കെടുക്കാനുള്ള രണ്ട്പേരെകൂടി അധികമായി തെരെഞ്ഞെടുക്കണം. ഇതിൽ ഒരാൾ സ്ത്രീയാകുന്നതാണ് അഭികാമ്യം. (ഓരോ ജനറൽ ബോഡിക്കും ഇത്തരത്തിൽ തെരഞ്ഞെടുക്കുന്ന രണ്ട് പേരെ മാറി മാറി കണ്ടെത്താവുന്നതാണ്)

#### II.1.2 ഉത്തരവാദിത്വങ്ങൾ

**വയോജന കൂട്ടായ്മ**

1. ആ കൂട്ടായ്മയിൽ വരുന്ന എല്ലാ വയോജനങ്ങളുടേയും എല്ലാ വിവരങ്ങളും ശേഖരിച്ച് സൂക്ഷിക്കുക, അത് കാലാനുസൃതമാക്കുക.
2. പ്രതിവാര യോഗം ഓരോ അംഗങ്ങളുടേയും വീട്ടിൽ മാറി മാറി ചേരുക.
3. വിവിധ വിഷയങ്ങളിൽ ബോധവത്ക്കരണം നടത്തുക
4. ഒറ്റപ്പെട്ട് താമസിക്കുന്നവർക്ക് പിൻതുണ നൽകുക.
5. വ്യായാമം, യോഗപോലുള്ള ആരോഗ്യ സംരക്ഷണ പ്രവർത്തനങ്ങൾ സംഘടിപ്പിക്കുക.
6. ആരോഗ്യ സംരക്ഷണ, ചികിത്സാ സംവിധാനങ്ങൾ ഉറപ്പ് വരുത്തുക
7. വാർഡ് പഞ്ചായത്ത് ക്ലബ്ബുകൾ ഇടുന്ന പരിപാടികൾ വിജയിപ്പിക്കുക
8. ചൂഷണം, പീഡനം എന്നിവയിൽ നിന്നും സംരക്ഷണം ഉറപ്പ് വരുത്തുക, ഇതിന് പഞ്ചായത്ത് തല സംവിധാനങ്ങളുടെ സേവനം ഉറപ്പ് വരുത്തുക.
9. സ്വയംതൊഴിൽ സംരംഭങ്ങൾ, ഉത്പാദന യൂണിറ്റുകൾ, വരുമാനം ഉറപ്പ് വരുത്തുന്ന പരിപാടികൾ സംഘടിപ്പിക്കുക

10. വിനോദയാത്രകളും പരിപാടികളും സംഘടിപ്പിക്കുക
11. ഹെൽത്ത് മോണിറ്ററിംഗ് നടത്തുക
12. പുതുതലമുറക്ക് വേണ്ട ബോധന, പരിശീലന പരിപാടികൾ സംഘടിപ്പിക്കുക.
13. ആവശ്യാനുസരണം സബ് കമ്മറ്റികൾക്കും പൊതു കൂട്ടായ്മകൾക്കും രൂപം നൽകുക.
14. സാമ്പത്തിക സഹായം അനിവാര്യമായി വരുന്നിടത്ത് അതിനുള്ള സംവിധാനമൊരുക്കുക.
15. ദിനാചരണങ്ങൾ സംഘടിപ്പിക്കുക.
16. പഠനങ്ങൾ, ചർച്ചകൾ എന്നിവ ആവശ്യാനുസരണം സംഘടിപ്പിക്കുക.
17. റിപ്പോർട്ടുകൾ തയ്യാറാക്കി നൽകുക.

## II.2 വാർഡ് വയോജന ക്ലബ്ബ്

ഒരു വയോജന കൂട്ടത്തിൽ നിന്നും തെരഞ്ഞെടുത്ത ഏഴ്പേർ എന്ന കണക്കിന് ഒര് വാർഡിലെ എല്ലാ വയോജന കൂട്ടത്തിൽ നിന്നുള്ളവരും, കൂടാതെ വയോജനകൂട്ടത്തിൽ നിന്നും വാർഡ് ജനറൽ ബോഡിയിലേക്ക് നോമിനേറ്റ് ചെയ്യുന്ന രണ്ട് പേരും ചേരുന്നതാണ് വാർഡ് വയോജന ക്ലബ്ബിന്റെ ജനറൽ ബോഡി. ഇത്തരത്തിൽ ഒരു വയോജനകൂട്ടത്തിൽ നിന്നും പങ്കെടുക്കുന്ന 9 പേർ വീതം ചേരുന്നതാണ് വാർഡ് ജനറൽബോഡി. ഇതിൽ നിന്നും ഒര് പ്രസിഡന്റ്, ഒരു വൈസ് പ്രസിഡന്റ്, സെക്രട്ടറി, ഒര് ജോ.സെക്രട്ടറി, ട്രഷറർ, 4 കമ്മറ്റി അംഗങ്ങൾ എന്നിവർ ചേരുന്നതായിരിക്കണം വാർഡ് വയോജന ക്ലബ്ബിന്റെ ഭാരവാഹികൾ. ഇതിൽ കുറഞ്ഞത് 4 പേരെങ്കിലും സ്ത്രീകളായിരിക്കണം. വാർഡ് മെമ്പർ, ADS ചെയർപേഴ്സൺ എന്നിവർ ഈ കമ്മറ്റിയിൽ എക്സ് ഒഫിഷ്യോ അംഗങ്ങളായിരിക്കും.

## II.2.1 ഉത്തരവാദിത്വങ്ങൾ, ചുമതലകൾ

1. വാർഡ്തല പകൽ വീടിന്റെ രൂപീകരണവും നടത്തിപ്പും.
2. വയോജന കൂട്ടത്തിന്റെ പ്രവർത്തനങ്ങൾക്ക് വേണ്ട സഹായം നൽകുക.
3. തൊഴിൽ വരുമാന ദായക പരിപാടികൾ ആസൂത്രണം ചെയ്യുക നിർവ്വഹിക്കുക.
4. വിഭവ സമാഹരണം ഉറപ്പ് വരുത്തുക.
5. വാർഡ്തല പരിപാടികൾ ആസൂത്രണം ചെയ്യുക നടപ്പിലാക്കുക
6. വിവിധ കഴിവുകളുള്ള വയോജനങ്ങളുടെ വൈദഗ്ദ്ധ്യ മാപ്പിങ്ങ് നടത്തുക ഫലപ്രദമായി വിനിയോഗിക്കുക.
7. പഞ്ചായത്ത് തലത്തിൽ വിഭാവനം ചെയ്യുന്ന പരിപാടികൾ ഫലപ്രദമായി നിർവ്വഹിക്കുക.
8. വാർഡ് തലത്തിൽ തനത് പരിപാടികൾ ആസൂത്രണം ചെയ്യുക.
9. തർക്ക/പ്രശ്ന പരിഹാര സംവിധാനങ്ങൾ ഫലപ്രദമായി പ്രവർത്തിപ്പിക്കുക.

10. നിലവിലുള്ള സംവിധാനങ്ങളെ ഇതുമായി കൂട്ടിയിണക്കുക.
11. ആ വാർഡിലെ എല്ലാ വയോജനങ്ങളുടേയും വിവരം സൂക്ഷിക്കുക, കാലാനുസൃതമാക്കുക.
12. ആരോഗ്യ, വിനോദ, തൊഴിൽ, ക്ഷേമ പരിപാടികൾ മോണിറ്റർ ചെയ്യുക, നൂതന പരിപാടികൾ ആവിഷ്കരിക്കുക.
13. പൊതുപ്രവർത്തനങ്ങളിൽ, ഗ്രാമസഭകൾ എന്നിവയുടെ പങ്കാളിത്തത്തിൽ, സംഘാടനത്തിൽ, ക്രിയാത്മക ചർച്ചകളിൽ പങ്കാളിത്തം ഉറപ്പ് വരുത്തുക.
14. അടിയന്തിര സഹായം വേണ്ടവർക്ക് അത് വേഗത്തിൽ ഉറപ്പ് വരുത്തുക
15. വാർഡിലെ എല്ലാസ്ഥാപനങ്ങളും, വയോജന സൗഹൃദ ആഡിറ്റ് നടത്തുക. വയോജന സൗഹൃദമാക്കാൻ വേണ്ട ഇടപെടൽ നടത്തുക.
16. ബോധന പ്രവർത്തനങ്ങൾ, കൗൺസിലിങ്ങ്, എന്നിവക്ക് സംവിധാനമൊരുക്കുക.
17. ഹെൽത്ത് കാർഡ് അപ്ഡേറ്റ് ചെയ്യുക.
18. ദിനാചരണങ്ങൾ നടത്തൽ
19. കല, കായിക, വിനോദ പരിപാടികൾ, സംഗമങ്ങൾ സംഘടിപ്പിക്കൽ വയോജന കലാട്രൂപ്പുകൾ ആരംഭിക്കൽ

## II.3 പഞ്ചായത്ത് തല വയോജന ക്ലബ്ബ്

ഓരോ വാർഡിൽ നിന്നും ഭരണസമിതിയിലേക്ക് തെരഞ്ഞെടുക്കപ്പെട്ട 9 പേർ എന്ന കണക്കിന് പഞ്ചായത്തിലെ മുഴുവൻ വാർഡിൽ നിന്നുള്ള അംഗങ്ഹളും ചേരുന്നതായിരിക്കും പഞ്ചായത്തിലെ ജനറൽബോഡി. ഇതിൽ നിന്നും ഒര് പ്രസിഡന്റ് രണ്ട് വൈസ്പ്രസിഡന്റ്, ഒര് സെക്രട്ടറി രണ്ട് ജോ. സെക്രട്ടറിമാർ, ഒര് ട്രഷറർ, നാല് കമ്മറ്റി അംഗങ്ങൾ എന്ന കണക്കിന് 11 പേരുള്ള ഒരു ഭരണസമിതിക്കാണ് രൂപം നൽകേണ്ടത് ഇതിൽ അഞ്ച് പേരെയെങ്കിലും സ്ത്രീകളായിരിക്കണം. കൂടാതെ പഞ്ചായത്ത് പ്രസിഡന്റ്, ICDSസൂപ്പർവൈസർ, CDS ചെയർപേഴ്സൺ എന്നിവർ ഈ കമ്മറ്റിയിൽ എക്സ്ഒഫിഷ്യോ അംഗങ്ങളായിരിക്കും.

## II.3.1 പഞ്ചായത്ത് വയോജന ക്ലബ്ബിന്റെ ഉത്തരവാദിത്വങ്ങളും ചുമതലകളും

1. പഞ്ചായത്തിലെ മൊത്തം വയോജനങ്ങളുടെ വിവരം ശേഖരിച്ച് സൂക്ഷിക്കുക കാലാനുസൃതമാക്കുക.
2. വാർഡ്, വയോജന കൂട്ടായ്മ എന്നിവയുടെ പ്രവർത്തനങ്ങളെ സഹായിക്കുക
3. പഞ്ചായത്ത് തല ആസൂത്രണം, നിർവ്വഹണം എന്നിവക്ക് നേതൃത്വം നൽകുക.
4. ആവശ്യാനുസരണം പുതിയ പിൻതുണാസംവിധാനം, സംഘടനാ സംവിധാനം, സ്ഥാപനം എന്നിവക്ക് രൂപം നൽകുക.
5. പ്രവർത്തന വിലയിരുത്തൽ, സോഷ്യൽ ആഡിറ്റ് എന്നിവ നടത്തുക.
6. പരമാവധി വിഭവ സമാഹരണ സാധ്യത ഉറപ്പാക്കുക.

7. സ്ഥാപനങ്ങൾ, സംവിധാങ്ങൾ, പരിപാടികൾ എന്നിവ വയോജന സൗഹൃദമാണെന്ന് ഉറപ്പ് വരുത്തുക.
8. വൃദ്ധസദനങ്ങൾ ഉണ്ടെങ്കിൽ അവയുടെ കാര്യക്ഷമമായ മാനേജ്മെന്റ് ഉറപ്പാക്കുക.
9. പ്രാഥമിക ആരോഗ്യ കേന്ദ്രത്തിൽ ജെറിയാട്രിക് കെയറിന് കൂടുതൽ പ്രാധാന്യം നൽകുക.
10. നിരന്തര ഹെൽത്ത് മോണിറ്ററിങ്ങിനുള്ള പരിപാടികൾ തയ്യാറാക്കി നടത്തുക.
11. പ്രവർത്തനങ്ങളിൽ കാര്യക്ഷമമാക്കാൻ ഉതകുന്ന തരത്തിൽ സ്ഥാപനങ്ങൽ, വകുപ്പുകൾ, വ്യക്തികൾ എന്നിവരെ കൂട്ടിയിണക്കുക.
12. വിനോദ, കല, കായിക, സാംസ്കാരിക, ബോധന, പരിപാടികൾ ആസൂത്രണം ചെയ്യുക.
13. വിവിധ മേഖലയിൽ വൈദഗ്ദ്ധ്യമുള്ള വയോജനങ്ങളെ കണ്ടെത്തി ആ വൈദഗ്ദ്ധ്യം മറ്റുള്ളവർക്ക് പകർന്ന് നൽകാനും അത് അവരുടെ വരുമാന മാർഗ്ഗമാക്കാനുമുള്ള പരിപാടികൾ ആസൂത്രണം ചെയ്യുക.
14. സ്വകാര്യ സഹകരണ, പൊതുമേഖല ആരോഗ്യ സ്ഥാപനങ്ങളുടെ സഹായം ഏർപ്പെടുത്തുക.
15. ഇതിന്റെ പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കുന്നതിന്റെ ഭാഗമായി, വരുമാനത്തിന്റെ അടിസ്ഥാനത്തിൽ ആവശ്യമായ ജീവനക്കാരെ നിയമിക്കുക.
16. വയോജനങ്ങളുമായി ബന്ധപ്പെട്ട സംവിധാനങ്ങളുടെ നടത്തിപ്പ് .
17. പഞ്ചായത്ത് ഏൽപ്പിക്കുന്ന ഉത്തരവാദിത്വങ്ങൾ ഏറ്റെടുത്ത് നടപ്പാക്കുക.

## II.4 പഞ്ചായത്ത്തല ഉപദേശക സമിതി

ഇത് കൂടാതെ പഞ്ചായത്ത് തലത്തിൽ ഒര് ഉപദേശക സമിതിയും ഉണ്ടായിരിക്കും. ഇതിന്റെ അദ്ധ്യക്ഷൻ പ്രസിഡന്റും, കൺവീനർ പഞ്ചായത്ത് അസിസ്റ്റന്റ് സെക്രട്ടറിയും ആയിരിക്കും. ഇതിലെ അംഗങ്ങൾ പഞ്ചായത്ത് വയോജന ക്ലബ്ബിലെ പ്രസിഡന്റ്, സെക്രട്ടറി, ട്രഷറർ, VEO, ICDS സൂപ്പർവൈസർ, വൈസ് പ്രസിഡന്റ്, ക്ഷേമകാര്യ സ്റ്റാന്റിങ്ങ് കമ്മറ്റി ചെയർപേഴ്സൺ, ഹെൽത്ത് ഇൻസ്പെക്ടർ, ഈ മേഖലയിൽ വൈദഗ്ദ്ധ്യമുള്ള (കൗൺസിലിങ്ങ്, നിയമം) രണ്ട്പേർ, പാലിയേറ്റീവിന്റെ ഒര് നേഴ്സ്, സി.ഡി.എസ് ചെയർപേഴ്സൺ എന്നിവർ ഇതിൽ അംഗങ്ങളായിരിക്കണം.

## II.4.1 ഉപദേശക സമിതിയുടെ ഉത്തരവാദിത്വങ്ങൾ, ചുമതലകൾ

1. പഞ്ചായത്ത് തല വയോജന ക്ലബ്ബ് ഏറ്റെടുക്കുന്ന പരിപാടികളിൽ നയപരമായി പഞ്ചായത്ത് എടുക്കേണ്ട തീരുമാനങ്ങൾ ചർച്ച ചെയ്യുക.

2. പദ്ധതിയിൽ ഉൾപ്പെടുത്താനായി വയോജന ക്ലബ്ബ് മുന്നോട്ട് വയ്ക്കുന്ന കാര്യങ്ങൾ, അവരുടെ ആശങ്ക, കൂടുതൽ വ്യക്തത വരുത്തേണ്ട കാര്യങ്ങൾ എന്നിവ അവതരിപ്പിച്ച് ചർച്ച ചെയ്ത് അന്തിമമാക്കുക.
3. പഞ്ചായത്ത് ആസൂത്രണം ചെയ്യുന്ന, ചെയ്ത പരിപാടികൾ അവതരിപ്പിച്ച്, നിർവ്വഹണം വേണ്ട മാറ്റങ്ങൾ എന്നിവ സംബന്ധിച്ച് ചർച്ച ചെയ്യുക.
4. പ്രവർത്തന റിപ്പോർട്ടുകൾ അവതരിപ്പിച്ച് ചർച്ച ചെയ്യുക
5. പ്രവർത്തന വിലയിരുത്തലുകൾ നടത്തുക.
6. പിൻതുണാ സംവിധാനങ്ങൾ ഒരുക്കുക
7. പഞ്ചായത്ത് തല തർക്കപരിഹാര സംവിധാനത്തിന്റെ പ്രവർത്തനങ്ങൾ വിലയിരുത്തുക.
8. എല്ലാ സ്ഥാപനങ്ങളിലേയും, പ്രവർത്തനങ്ങളിലേയും, പൊതുഇടങ്ങളിലേയും, സംവിധാനങ്ങളിലേയും, വയോജനസൗഹൃദം, ജന്റർ എന്നിവ വിലയിരുത്തുക. തുടർ പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യുക.

## II.5 വിദഗ്ദ്ധസമിതി

പ്രസ്തുത സംഘടനാ സംവിധാനത്തിന്റെ പ്രവർത്തനങ്ങൾക്ക് പഞ്ചായത്ത് തല വയോജന ക്ലബ്ബിന് അക്കാഡമിക്കലി സഹായിക്കുന്നതിന് ഒരു വിദഗ്ദ്ധ സമിതിക്ക് പഞ്ചായത്ത് തല വയോജന ക്ലബ്ബിന് രൂപീകരിക്കാവുന്നതാണ്. ഇതിൽ നിയമ വിദഗ്ദ്ധർ, ആരോഗ്യ പ്രവർത്തകർ, സാമൂഹ്യ പ്രവർത്തകർ, ഐറ്റി മേഖലകളിൽ വൈദഗ്ദ്ധ്യമുള്ളവർ, കൗൺസിലിംഗ് വൈദഗ്ദ്ധ്യമുള്ളവർ, പഞ്ചായത്ത് തല വയോജന ക്ലബ്ബിന്റെ പ്രസിഡന്റ് സെക്രട്ടറി അടക്കം 11 പേരിൽ കവിയാത്ത അംഗങ്ങൾ ഉണ്ടാകണം.

## II.5.2 വിദഗ്ദ്ധ സമിതി- ചുമതലകൾ, ഉത്തരവാദിത്വങ്ങൾ

- ഈ പ്രവർത്തനങ്ങൾ കൂടുതൽ കാര്യക്ഷമമാക്കുന്നതിന് വയോജനങ്ങളിൽ നിന്നും, ആവശ്യമെങ്കിൽ മറ്റുള്ളവരിൽ നിന്നും വിവിധ മേഖലയിൽ വൈദഗ്ദ്ധ്യമുള്ളവരെ ചേർതത് പഞ്ചായത്ത് തല വയോജന ക്ലബ്ബിന് ഉപസമിതിയായി ഒരു വിദഗ്ദ്ധ സമിതിക്ക് രൂപം നൽകാവുന്നതാണ്.
- പഞ്ചായത്ത് വയോജന ക്ലബ്ബിന് ആവശ്യാനു,രണം വേണ്ട സഹായങ്ങൾ നൽകുക, പഠനങ്ങൾ, ഗവേഷണങ്ങൾ നടത്തുക , മറ്റുള്ളവർക്ക് വേണ്ടി ചില കോഴ്സുകൾ നടത്തുക ഇവയെല്ലാം ഈ സമിതിയുടെ ഉത്തരവാദിത്വങ്ങളായിരിക്കും.

# III. പ്രവർത്തനങ്ങൾ

1. വയോജന കൂട്ടായ്മകൾ കുറഞ്ഞത് ആഴ്ചയിലൊരിക്കലും, വാർഡ്തല ക്ലബ്ബിന്റെ ഭാരവാഹി യോഗം, പഞ്ചായത്ത് തല ക്ലബ്ബിന്റെ ഭാരവാഹി യോഗം, വിദഗ്ദ്ധ സമിതി എന്നിവ കുറഞ്ഞത് മാസത്തിലൊരിക്കലെങ്കിലും ചേരണം.

2. ഉപദേശക സമിതി കുറഞ്ഞത് രണ്ട് മാസത്തിലൊരിക്കലെങ്കിലും ചേരണം.
3. വാർഡ് തല ജനറൽബോഡി കുറഞ്ഞത് ആറുമാസത്തിലൊരിക്കലും, പഞ്ചായത്ത് തല ജനറൽബോഡി കുറഞ്ഞത് ഒരു വർഷത്തിലൊരിക്കലെങ്കിലും ചേരണം.
4. ഭരണ സമിതികൾ, ജനറൽബോഡികൾ എന്നിവ ചേരുമ്പോൾ അതുവരെ നടന്ന പ്രവർത്തനങ്ങൾ, വരവ് ചെലവ് കണക്ക് എന്നിവ അവതരിപ്പിച്ച് അംഗീകാരം വാങ്ങണം. കൂടാതെ തുടർ പ്രവർത്തനങ്ങൾ അവയ്ക്ക് വേണ്ടി വരുന്ന ചിലവുകൾ വിഭവ സമാഹരണം എന്നിവയും അവതരിപ്പിച്ച് അംഗീകാരം വാങ്ങണം.
5. ത്രിഫ്റ്റ് ശേഖരിക്കാൻ താൽപ്പര്യമുണ്ടെങ്കിൽ വയോജന കൂട്ടായ്മയിൽ മുഴുവൻപേർക്കും ഇതിൽ അംഗമാകാം. താൽപര്യമുള്ളവരെ മാത്രം ചേർത്ത് ഒരു പ്രത്യേക ഗ്രൂപ്പായി സബ് കമ്മറ്റി പോലെ പ്രവർത്തിക്കുകയും ആവാം.
6. വാർഡ് ഭരണ സമിതിയോഗം ചേരുമ്പോൾ വയോജന കൂട്ടായ്മയിലെ പ്രസിഡന്റ് സെക്രട്ടറി എന്നിവരെ കൂടി വിളിച്ച് ചേർത്ത് യോഗങ്ങൾ ചേരാവുന്നതാണ്.
7. പഞ്ചായത്ത് തല ഭാരവാഹിയോഗം ചേരുമ്പോൾ വാർഡ് പ്രസിഡന്റ്, സെക്രട്ടറി എന്നിവരെ കൂടി ചേർത്ത് ആവശ്യ ഘട്ടങ്ങളിൽ യോഗം ചേരാവുന്നതാണ്.
8. വാർഡ് ഭരണ സമിതി അംഗങ്ങൾക്ക് വിവിധ വിഷയങ്ങൾ വയോജന കൂട്ടങ്ങൾ എന്നിവയുടെ ചുമതലകൾ നൽകണം. ചുമതലയിൽപ്പെട്ട കാര്യങ്ങൾ സംബന്ധിച്ച് നടന്നതും നടത്താനുള്ളതുമായ വിഷയങ്ങൾ യോഗങ്ങളിൽ അവതരിപ്പിക്കണം.
9. വാർഡ് തല വിഷയ ചുമതലക്കാരെ പഞ്ചായത്ത് തല വിഷയ ചുമതലക്കാർ ബന്ധപ്പെട്ട വിഷയങ്ങളിൽ വിളിച്ച് ചേർത്ത് സബ്കമ്മറ്റികളായി പ്രവർത്തിപ്പിക്കാവുന്നതാണ്.
10. വിദഗ്ദ്ധസമിതി ആവശ്യാനുസരണം പഞ്ചായത്ത് തല വയോജനക്ലബ്ബിന് വിളിച്ച് ചേർക്കാവുന്നതാണ്.
11. വയോജനങ്ങളുമായി ബന്ധപ്പെട്ട സംവിധാനങ്ങളുടെ നടത്തിപ്പ് .
12. പഞ്ചായത്ത് ഏൽപ്പിക്കുന്ന ഉത്തരവാദിത്ത്വങ്ങൾ ഏറ്റെടുത്ത് നടപ്പാക്കുക.
13. ഗ്രാമസഭകളിൽ സജീവമായി ഇടപെടുക.
14. വയോജനങ്ങളുമായി ബന്ധപ്പെട്ട ആസൂത്രണ നിർവ്വഹണ ഉത്തരവാദിത്ത്വം ഏൽക്കുക, അതിനാവശ്യമായ പഠന ഗവേഷണ പ്രവർത്തങ്ങൾ ഏറ്റെടുത്ത് നടപ്പിലാക്കുക.

## IV. രജിസ്റ്ററുകൾ

എല്ലാ തരത്തിലുള്ള കമ്മറ്റികൾക്കും ചുവടെ കൊടുത്തിട്ടുള്ള രജിസ്റ്ററുകൾ ഉണ്ടാവണം.

1. മിനിറ്റ്സ് ബുക്ക്
2. അംഗത്വ രജിസ്റ്റർ
3. അംഗങ്ങളുടെ പൂർണ്ണ വിവരം അടങ്ങിയ രജിസ്റ്റർ
4. ബാങ്ക് അക്കൗണ്ട് ബുക്ക്
5. ക്യാഷ് ബുക്ക്
6. ഉപസമിതികളുടെ വിവരങ്ങൾ അടങ്ങിയ രജിസ്റ്റർ

## V. അംഗത്വം

59 വയസ്സ് പൂർത്തിയായ .............. ഗ്രാമപഞ്ചായത്ത് അതിർത്തിയിൽ വരുന്ന എല്ലാവരും ഇതിൽ അംഗങ്ങളായിരിക്കും. അംഗത്വം അതത് പ്രദേശത്തെ വയോജന കൂട്ടായ്മകൾ വഴിയായിരിക്കും. അംഗത്വ കാലാവധി ഒരാളുടെ മരണം വരെയായിരിക്കും. 59 വയസ്സ് പൂർത്തിയാകുന്ന ഓരോരുത്തരും ആ പ്രദേശത്തെ വയോജനകൂട്ടായ്മയിൽ അംഗങ്ങളാകുകയോ വയോജന കൂട്ടായ്മകൾക്ക് അംഗങ്ങളാക്കുകയോ ചെയ്യാവുന്നതാണ്. പുതുതായി വരുന്ന അംഗങ്ങളുടെ വിശദ വിവരം പഞ്ചായത്ത് വയോജന ക്ലബ്ബ് തയ്യാറാക്കി നൽകിയിട്ടുള്ള പെർഫോമയിൽ നൽകേണ്ടതാണ്.

## VI. ഭരണസമിതിയുടെ കാലാവധി

ഓരോ തലത്തിലെ ഭരണസമിതിക്കും ഒരു വർഷമായിരിക്കും കാലാവധി. ജനറൽബോഡി തീരുമാനിക്കുന്നവർക്ക് വീണ്ടും തുടരാവുന്നതാണ്. ഇത്തരത്തിൽ അഞ്ച് വർഷത്തിൽ കൂടുതൽ ഒരാൾക്ക് ഒരേ ഭരണ സമിതിയിൽ അംഗമായി തുടരാൻ കഴിയില്ല.

## VII. വിഭവ സമാഹരണം

1. ത്രിതല പഞ്ചായത്തുകൾ, വകുപ്പുകൾ, സ്ഥാപനങ്ങൾ, വ്യക്തികൾ, CSR ഫണ്ട്, ഇത്തരത്തിൽ ഏത് തരത്തിലുള്ള വിഭവ സമാഹരണ സ്രോതസ്സിനേയും ഉപയോഗിക്കാവുന്നതാണ്. നൽകാൻ കഴിയുന്ന അംഗങ്ങളിൽ നിന്നും നിശ്ചിതതുക ഈടാക്കുന്നതാണ്. വയോജന ദുരിതാശ്വാസ നിധിപോലുള്ളവയും ആലോചിക്കാവുന്നതാണ്.
2. വരവ് ചെലവ് കണക്ക് കൃത്യമായി സൂക്ഷിക്കണം, പഞ്ചായത്ത് തലത്തിൽ ഇന്റേർണൽ ആഡിറ്റിനും സോഷ്യൽ ആഡിറ്റിനും സി.എ ആഡിറ്റിനും വിധേയമാക്കണം.
3. പഞ്ചായത്ത്, വകുപ്പ് നൽകുന്ന സഹായങ്ങൾ സ്റ്റേറ്റ് ആഡിറ്റിനും വിധേയമാക്കണം.

4. വാർഡ്, വയോജന കൂട്ടം എന്നിവയുടെ ഓഡിറ്റിന് പഞ്ചായത്ത് തല വയോജന ക്ലബ്ബിൽ സംവിധാനമുണ്ടാവണം.
5. പ്രസിഡന്റ്, സെക്രട്ടറി, ട്രഷറി എന്നിവരുടെ പേരിൽ ബാങ്ക് ജോയിന്റ് അക്കൗണ്ടന്റ് ഉണ്ടാവണം.
6. പ്രത്യേകം പരിപാടികൾക്ക് പ്രത്യേകം കണക്ക് എഴുതി സൂക്ഷിക്കണം.

## VIII. ഉത്തരവാദിത്വങ്ങൾ, ചുമതലകൾ

### VIII- 1. പ്രസിഡന്റ്

എല്ലാ തലത്തിലുമുള്ള പ്രസിഡന്റ്മാർ ചുവടെ കൊടുത്തിട്ടുള്ള ഉത്തരവാദിത്വങ്ങളും ചുമതലകളും വഹിക്കണം.

1. യോഗങ്ങളിൽ അദ്ധ്യക്ഷ സ്ഥാനം വഹിക്കണം
2. മറ്റ് യോഗങ്ങളിൽ പങ്കെടുക്കണം
3. തീരുമാനങ്ങൾ അധികൃതമാക്കൽ
4. വരവ് ചെലവ് കണക്ക് അധികൃതമാക്കൽ
5. കത്ത് ഇടപാടുകൾക്കുള്ള കത്ത് അംഗീകരിക്കൽ
6. ജോയിന്റ് അക്കൗണ്ട് മെയിന്റയിൻ ചെയ്യൽ
7. ആസ്തികൾ ഈ സംവിധാനത്തിന് വേണ്ടി പ്രസിഡന്റിന്റെയും സെക്രട്ടറിയുടേയും പേരിലായിരിക്കും.
8. രേഖകൾ അധികൃതമാക്കുക
9. തീരുമാനങ്ങൾ നടപ്പിലാക്കുന്നതിന് നേതൃത്വം നൽകുക

### VIII- 2 വൈസ് പ്രസിഡന്റ്

1. പ്രസിഡന്റിന്റെ അഭാവത്തിൽ പ്രസിഡന്റിന്റെ ഉത്തരവാദിത്വങ്ങൾ നിർവ്വഹിക്കുക.
2. കമ്മറ്റി, പ്രസിഡന്റ് ഏൽപ്പിക്കുന്ന ഉത്തരവാദിത്വങ്ങൾ നിർവ്വഹിക്കുക.

### VIII- 3 സെക്രട്ടറി

1. രേഖകൾ തയ്യാറാക്കി സൂക്ഷിക്കുക
2. രജിസ്റ്ററുകൽ തയ്യാറാക്കി സൂക്ഷിക്കുക
3. റിപ്പോർട്ടുകൾ തയ്യാറാക്കുക, സൂക്ഷിക്കുക അവതരിപ്പിക്കുക
4. മിനിറ്റ്സ് തയ്യാറാക്കുക
5. യോഗത്തിൽ റിപ്പോർട്ട് അവതരിപ്പിക്കുക
6. ജോയിന്റ് അക്കൗണ്ട് മെയിന്റയിൻ ചെയ്യുക.
7. യോഗ തീരുമാനങ്ങൾ നടപ്പിലാക്കുക
8. കമ്മറ്റിയും പ്രസിഡന്റും തീരുമാനിക്കുന്നത് അനുസരിച്ച് കത്ത് ഇടപാടുകൾ നടത്തുക
9. ചർച്ചകളിൽ പങ്കെടുക്കുക
10. ആസ്ഥികൾ പരിപാലിക്കുക

11. കമ്മറ്റി ഏൽപ്പിക്കുന്ന മറ്റ് ചുമതലകൾ വഹിക്കുക.
12. പ്രസിഡന്റുമായി കൂടിയാലോചിച്ച് യോഗങ്ങൾ വിളിച്ച് ചേർക്കൽ

## VIII- 4 ജോയിന്റ് സെക്രട്ടറി

1. സെക്രട്ടറിയുടെ അഭാവത്തിൽ ആ ചുമതലകൾ നിർവഹിക്കുക
2. പ്രവർത്തനങ്ങളിൽ, നിർവ്വഹണത്തിൽ സെക്രട്ടറിയെ സഹായിക്കുക.

## VIII- 5 ട്രഷറർ

1. വരവ് ചെലവ് തയ്യാറാക്കി സൂക്ഷിക്കുക.
2. യോഗങ്ങളിൽ വരവ് ചെലവ് കണക്ക് അവതരിക്കുക
3. വരവ് ചെലവ് കണക്ക് സംബന്ധിച്ച റിപ്പോർട്ടുകൾ തയ്യാറാക്കുക
4. വരവ് ചെലവ് ആഡിറ്റിന് വിധേയമാക്കുക
5. വരവ് പൂർണ്ണമായും വന്നുയെന്ന് ഉറപ്പ് വരുത്തുക
6. പുതിയ പുതിയ വിഭവ സമാഹരണ സ്രോതസ്സുകൾ കണ്ടെത്തി കമ്മറ്റിയിൽ അവതരിപ്പിക്കുക.
7. സംയുക്ത അക്കൗണ്ട് മെയിന്റയിൻ ചെയ്യുക
8. ബജറ്റ് തയ്യാറാക്കുക
9. കീഴ്ത്തലങ്ങളിൽ ഓഡിറ്റ് ചെയ്യുക
10. സോഷ്യൽ ഓഡിറ്റ് നടത്തുന്നതിനുള്ള സംവിധാനമൊരുക്കുക

## VIII- 6 കമ്മറ്റി അംഗങ്ങൾ

1. യോഗങ്ങളിൽ പങ്കെടുത്ത് ക്രിയാത്മക ഇടപെടൽ നടത്തുക
2. യോഗം ഏൽപ്പിക്കുന്ന ഉത്തരവാദിത്വങ്ങൾ നിർവ്വഹിക്കുക
3. ഉത്തരവാദിത്വ നിർവ്വഹണത്തിന്റെ ഭാഗമായി കമ്മറ്റികളിൽ റിപ്പോർട്ടുകൾ അവതരിപ്പിക്കുക
4. ആസൂത്രണത്തിലും നിർവ്വഹണത്തിലും വേണ്ട സഹായം നൽകുക.

## IX- ഓഫീസ് സംവിധാനം

എല്ലാ വാർഡിലും പഞ്ചായത്ത് തലത്തിലും വയോജന ക്ലബ്ബുകൾ പ്രവർത്തിക്കാനും വയോജനങ്ങൾക്ക് കൂടിയിരിക്കാനും പറ്റിയ തരത്തിൽ ഓഫീസുകൾ ആരംഭിക്കേണ്ടതാണ്. വാർഡ് തലങ്ങളിലെ ഓഫീസുകൾ പകൽ വീടായി കൂടി പ്രവർത്തിക്കാൻ കഴിയുന്ന തരത്തിലുള്ളതാവണം. പഞ്ചായത്ത് തല ഓഫീസ്സിൽ കംപ്യൂട്ടർ ഇന്റർനെറ്റ് അടക്കമുള്ള സംവിധാനങ്ങൾ ഉണ്ടാകണം. കൂടാതെ നെയിം ബോർഡ്, ഫോൺ സംവിധാനം, പ്രിന്റർ തുടങ്ങി എല്ലാ ഭൗതിക സംവിധാനങ്ങളും ഉള്ളതായിരിക്കണം.

## X- മോണിറ്ററിംഗും വിലയിരുത്തലും

പഞ്ചായത്ത് തല വയോജന ക്ലബ്ബിന് വാർഡ് വയോജനക്ലബ്ബിന്റേയും വയോജന കൂട്ടായ്മകളുടേയും പ്രവർത്തനങ്ങൾ വിലയിരുത്തുന്നതിനും മോണിറ്റർ ചെയ്യുന്ന തിനും കൃത്യമായ സംവിധാനമുണ്ടാകണം. ചുവടെ കൊടുത്തിട്ടുള്ള ഘടകങ്ങളാണ് വിലയിരുത്തപ്പെടേണ്ടത്.

1. കൃത്യമായി യോഗങ്ങൾ ചേരുന്നുണ്ടോ
2. ഓരോ തലത്തിലും ചെയ്യാൻ കഴിയുന്ന തനത് പ്രവർത്തനങ്ങൾ തയ്യാറാക്കി ഫലപ്രദമായി നിർവ്വഹിക്കുന്നുണ്ടോ.
3. പഞ്ചായത്ത് തലത്തിൽ ആസൂത്രണം ചെയ്ത പ്രവർത്തനങ്ങൾ ഫലപ്രദമായി താഴെതലത്തിൽ നടക്കുന്നുണ്ടോ.
4. വയോജനങ്ങളുടെ പ്രശ്നങ്ങൾ, തർക്കങ്ങൾ എന്നിവ സമയബന്ധിതമായി പരിഹരിക്കപ്പെടുന്നുണ്ടോ.
5. പുതുതായി അംഗങ്ങളെ ചേർക്കുന്ന പ്രവർത്തനം സമയബന്ധിതമായി നടക്കു ന്നുണ്ടോ.
6. വാർഷികങ്ങൾ, ഫലപ്രദമായി നടക്കാറുണ്ടോ
7. വയോജനങ്ങളെ സംബന്ധിച്ചിട്ടുള്ള വിവരം കാലാനുസൃതമാക്കാറുണ്ടോ.
8. ഡോക്യുമെന്റേഷൻ സമയബന്ധിതമായി നടക്കുന്നുണ്ടോ.
9. വരവ് ചെലവ് കണക്കുകൾ, ആഡിറ്റ് എന്നിവ സമയബന്ധിതമായി നടക്കുന്നു ണ്ടോ.
10. പുതിയ ആശയങ്ങൾ വികസിപ്പിക്കുന്നത് നടപ്പിലാക്കുന്നതിൽ ശ്രദ്ധചെലു ത്താറുണ്ടോ.

ഇത്തരത്തിൽ വാർഡ് തലത്തിലും വയോജന അയൽകൂട്ടതലത്തിലും നിരന്തരമായ മോണിറ്ററിംഗും വിലയിരുത്തലും നടത്തേണ്ടതാണ്.

**അനുബന്ധം- 1**

......ഗ്രാമപഞ്ചായത്ത്
വയോജന സംഘടനാ സംവിധാനം
വിവര ശേഖരണ ഫോറം

വാർഡ്:......

കൂട്ടായ്മ:..................................

| **പേര്** | **വിലാസം** | **ഔദ്യോഗിക സ്ഥാനം** | **ഫോൺ നമ്പർ ഇ-മെയിൽ** |
|---|---|---|---|
| | | | |
| | | | |
| | | | |
| | | | |